**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

---

നം: ADFW/4412/2024-TV1 തീയതി :11-07-2024

# സർക്കുലർ

വിഷയം:- 1200 ചിങ്ങം-1 - **കർഷക ദിനാചരണം 2024-25** പ്രവർത്തനം- നിർദ്ദേശം പുറപ്പെടുവിക്കുന്നു

സൂചന:- 1) G.O(Rt) No.539/2024/AGRI,Dt15/06/2024 Agriculture(EB)1 Department , Thiruvananthapuram

2) 27/06/2024ലെ ഇതേ നമ്പർ സർക്കുലർ-വർക്കിങ് ഇൻസ്ട്രക്ഷൻ

3) 04/07/2024 ലെ ഇതേ നമ്പർ അലോട്ട്മെന്റ് നോട്ട്

1200 ചിങ്ങം-1 (17.08.2024) കർഷക ദിനത്തോടനുബന്ധിച്ച് എല്ലാ കൃഷിഭവനുകളിലും കർഷക ദിനാചരണം നടത്തുന്നതിന് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ചിങ്ങം 1ന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കർഷകദിനാചരണ സമ്മേളനങ്ങൾ നടത്തേണ്ടതാണ്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങൾ,കാർഷിക മേഖലയിൽ ഉള്ള വിവിധ കർഷക കൂട്ടായ്മകൾ, ക്ലസ്റ്ററുകൾ, പാടശേഖരസമിതികൾ, കേരസമിതികൾ,കർഷകർ എന്നിവർ സമ്മേളന സ്ഥലത്തിന് സമീപത്തായി ഒത്തുചേരേണ്ടതും പരിപാടിയുടെ വിളംബര ജാഥയായി സമ്മേളന സ്ഥലത്തേക്ക് വരേണ്ടതുമാണ്. പൊതുയോഗം അതാതു തദ്ദേശ സ്വയംഭരണ സ്ഥാപന തലവന്റെ നേതൃത്വത്തിൽ 1076 കൃഷി ഭവനുകളിലും നടത്തേണ്ടതാണ്. പൊതുയോഗവേദിയിൽ ഒരു മുതിർന്ന കർഷകന്റെയും കർഷക തൊഴിലാളിയുടേയും സാന്നിദ്ധ്യം ഉണ്ടാകേണ്ടതും അവരെ പ്രത്യേകമായി ആദരിക്കേണ്ടതുമാണ്.

കാർഷിക വികസന സമിതി ചേർന്ന് ചിങ്ങം 1ന് ആദരിക്കേണ്ട പഞ്ചായത്തിലെ മികച്ച കർഷകരെ കണ്ടെത്തി പ്രസ്തുത ചടങ്ങിൽ ക്ഷണിക്കേണ്ടതാണ്.

*ജൈവകൃഷി അവലംബിക്കുന്നവർ

*മികച്ച വനിതാ കർഷക

*വിദ്യാർത്ഥി കർഷകൻ/കർഷക

*മുതിർന്ന കർഷകൻ/കർഷക

*SC/ST വിഭാഗത്തിലുള്ള കർഷകർ

തുടങ്ങിയവർ ഉറപ്പായും ആദരിക്കേണ്ട കർഷകരിൽ ഉൾപ്പെടുത്തേണ്ടതാണ്.

കൃഷി അനുബന്ധമേഖലകളിലുള്ളവരെയും കർഷകദിനാഘോഷ പരിപാടികളിലേക്ക് ക്ഷണിക്കേണ്ടതാണ്. എല്ലാ കൃഷിഭവനുകളും കർഷകദിനത്തിൽ ഭംഗിയായി അലങ്കരിക്കേണ്ടതാണ്. പ്ലാസ്റ്റിക്/ഫ്ലക്സ് ബോർഡുകൾ ഒഴിവാക്കേണ്ടതാണ്. കർഷകദിനത്തിനായുള്ള ബാനറിന്റെ മാതൃക ഫാം ഇൻഫർമേഷൻ ബ്യൂറോ (FIB) രൂപകല്പന ചെയ്തു നൽകുന്നതാണ്. കർഷകദിനത്തോടനുബന്ധിച്ചുള്ള യോഗത്തിൽ സമകാലീന പ്രാധാന്യമുള്ള കാർഷിക വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിക്കേണ്ടതുമാണ്.

ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ കർഷകദിനത്തിന്റെ വിജയകരമായ നടത്തിപ്പിന് ജില്ലാ കൃഷി ഓഫീസർ,കൃഷി ഡെപ്യൂട്ടി ഡയറക്ടർ (E&T), പ്രോജക്റ്റ് ഡയറക്ടർ ആത്മ, നോഡൽ ഡി ഡി മാർ എന്നിവർ നേതൃത്വം നൽകേണ്ടതും, ഓരോ ബ്ലോക്കിലും ചുമതലയുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ കർഷകദിനത്തിൽ പങ്കെടുക്കേണ്ടതുമാണ്.

കർഷകദിനത്തിലേക്ക് ആവശ്യമായ തുക **2401-00-109-80 (പ്ലാൻ)** ശീർഷകത്തിൽ **സ്ട്രെങ്ങ്തനിംഗ് ഓഫ് അഗ്രികൾച്ചറൽ** എക്സ്റ്റൻഷൻ **2024-25** പദ്ധതിയുടെ **പബ്ലിക് പാർട്ടിസിപ്പേഷൻ** എന്ന ഘടകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ഒരു കൃഷിഭവന് കർഷകദിനം നടത്തിപ്പിനായി **5000 രൂപ** പരമാവധി ചെലവഴിക്കാവുന്നതാണ് (സൂചന.3). ബാങ്കുകൾ ഉൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്ന് സ്പോൺസർഷിപ്പ് വഴി കൂടുതൽ പരിപാടികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

*കർഷക ദിനാചരണ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാറ്റങ്ങളോ പുതുക്കിയ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ യഥാസമയം അറിയിക്കുന്നതാണ് .

BINCY ABRAHAM
ADDITIONAL DIRECTOR OF AGRICULTURE(EXT)

സ്വീകർത്താവ് : എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും- അറിവിലേക്കും അടിയന്തിര നടപടികൾക്കുമായി

പകർപ്പ്:
1) എല്ലാ കൃഷി അഡിഷണൽ ഡയറക്ടർമാരുടെയും സി. എ. മാർക്കും
2) കൃഷി ജോയിന്റ് ഡയറക്ടർമാരുടെയും സി. എ. മാർക്കും
3) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, എഫ്. ഐ. ബി- ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചരണത്തിനും, ബാനർ രൂപകൽപന ചെയ്യുന്നതിനും
4) എല്ലാ പ്രൊജക്റ്റ് ഡയറക്ടർ ATMA
5) SW Section
6) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ റ്റി സെൽ- അറിവിലേക്കും വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനുമായി

7) എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും

8) എല്ലാ കൃഷി ഓഫീസർമാർക്കും

Beena
11th July 2024

BEENA. M.P
PEN:273648
Assistant Director of Agriculture (TV)
Directorate of Agriculture Development
and Farmers' Welfare
Vikas Bhavan, Thiruvananthapuram-695 033